പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4546 — 29.06.2012 ൽ മറുപടിയ്ക്ക്

## ഐ.എ.വൈ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എ.വൈ ഭവന പദ്ധതിയിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ച് ഒരു വീടിന് ജനറൽ വിഭാഗത്തിന് 2 ലക്ഷവും എസ്.സി വിഭാഗത്തിന് 2.5 ലക്ഷവും രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ ; | എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം അനുവദനീയമായ ധനസഹായം 48,500/- രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതം 36,375/- രൂപയും (75%) സംസ്ഥാന വിഹിതം 12,125/- രൂപയുമാണ് (25%). ഇതിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും നൽകി വന്ന അധിക സഹായം ഉൾപ്പെടെ വീടൊന്നിന് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് 15.09.2011 മുതൽ പ്രാബല്യം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഇപ്പോൾ നിലവിലുളള അനുപാതമായ 25:50:25 എന്ന നിരക്കിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വഹിക്കേണ്ടതാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഒരു വീടിന് 75000 രൂപ വീതം നൽകുന്ന കാര്യം ധനവകുപ്പിന്റെ പരിഗണനയിലാണ്. |
| ബി) | 2011-12 വർഷത്തിൽ കരാർ ഉണ്ടാക്കി പ്രവൃത്തി തുടങ്ങിയ മുഴുവൻപേർക്കും ആയത് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | 2011 ഏപ്രിൽ 1 മുതൽ 2011 സെപ്റ്റംബർ 1 വരെ കരാർ വെച്ചവർക്ക് ഉയർത്തിയ തുക ലഭിക്കുമോ; | സി) & ഡി) | 01.04.2011 നു ശേഷം കരാറിലേർപ്പെട്ടവർക്ക് അവർ 15.09.2011 ന് ശേഷം കൈപ്പറ്റുന്ന ഗഡുക്കൾ വർദ്ധിപ്പിച്ച നിരക്കിൽ ലഭിയ്ക്കും. |
| ഡി) | ഇല്ലെങ്കിൽ ഇവർക്കുകൂടി പ്രയോജനം ലഭിക്കുന്ന തരത്തിൽ ഉത്തരവിറക്കുമോ; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| ഇ) | ഐ.എ.വൈ. പദ്ധതിയിൽ കേന്ദ്രവിഹിതം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | ഇ) | ഐ.എ.വൈ പദ്ധതിപ്രകാരമുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിന് നിവേദനം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ